"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉപഭോക്തൃകാര്യ വകുപ്പ് - 2026 ജനുവരി 1 പ്രാബല്യത്തിൽ ഡിസ്പെൻസിങ് പമ്പുകളുടെ വെരിഫിക്കേഷൻ ഫീസ് 5000/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

---

**ഉപഭോക്തൃകാര്യവകുപ്പ്**

സ.ഉ.(സാധാ) നം.4/2026/CAD തീയതി,തിരുവനന്തപുരം, 16-01-2026

---

പരാമർശം:-

1. കേന്ദ്ര സർക്കാരിന്റെ 18/12/2025 ലെ G.S.R.905(E) നമ്പർ നോട്ടിഫിക്കേഷൻ
2. ലീഗൽ മെട്രോളജി കൺട്രോളറുടെ 31-12-2025 തിയതിയിലെ LMD-HQ/2014/2024-C1 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) ലെ നോട്ടിഫിക്കേഷൻ പ്രകാരം ഫ്യൂവൽ ഡിസ്പെനൻസറുകളുടെ (പെട്രോൾ, ഡീസൽ) വെരിഫിക്കേഷൻ കാലാവധി 2 വർഷമായി കേന്ദ്രസർക്കാർ ഉയർത്തിയ സാഹചര്യത്തിൽ നികുതിയിതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഫ്യൂവൽ ഡിസ്പെൻസറുകളുടെ വെരിഫിക്കേഷൻ ഫീസ് 5000/- രൂപയാക്കി വർധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായ സാഹചര്യത്തിൽ 2026 ജനുവരി 1 പ്രാബല്യത്തിൽ ഫ്യൂവൽ ഡിസ്പെൻസറുകളുടെ വെരിഫിക്കേഷൻ ഫീസ് 5000/- രൂപയാക്കി വർധിപ്പിച്ചു ഉത്തരവാകണമെന്നു ലീഗൽ മെട്രോളജി കൺട്രോളർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലീഗൽ മെട്രോളജി കൺട്രോളറുടെ ശിപാർശ പ്രകാരം, ഫ്യൂവൽ ഡിസ്പെൻസിങ് പമ്പുകളുടെ (പെട്രോൾ,ഡീസൽ) വെരിഫിക്കേഷൻ ഫീസ് 2026 ജനുവരി 1 പ്രാബല്യത്തിൽ 5000/- രൂപയാക്കി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റോയിച്ചൻ തോമസ്
ജോയിന്റ് സെക്രട്ടറി

കൺട്രോളർ, ലീഗൽമെട്രോളജി വകുപ്പ്
അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ ആഡിറ്റ്), തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ വിഭാഗം. പൊതുജന സമ്പർക്ക വകുപ്പ്

ധനകാര്യ (ആർ.എം.സി) വകുപ്പ് (3086932/RMC-1/16/2025-FIN)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (CA2/203/2025-CAD)

ഉത്തരവിൻ പ്രകാരം
Signed by
Sneha S Nair
Date: 17-01-2026 17:06:43
സെക്ഷൻ ഓഫീസർ